ഉത്തരം.

ഫർണിച്ചർ ഒന്നും സപ്ലൈ ചെയ്തിട്ടില്ല. ആശുപത്രി ഗവണ്മെൻറ സ്ഥലത്തല്ല. ഒരു പ്രൈവറ്റ കെട്ടിടത്തിലാണ് സ്ഥിതിചെയ്യുന്നത്. കെട്ടിടം മായന്നൂർ ഗാന്ധിആശ്രമം വകയാണ്. അതു് ഒരു വർഷത്തേയ്ക്കു വാടകകൂടാതെ തന്നിരിക്കയായിരുന്നു. എന്നാൽ ഈ വർഷം മുതൽ കെട്ടിടം വാടകകൂടാതെ തരുന്നതിനു നിവൃത്തിയില്ല എന്നു് സെക്രട്ടറി അറിയിക്കുകയും ഒടുവിൽ പത്തുരൂപ വാടകയ്ക്കു് കെട്ടിടം തരാമെന്നു് സമ്മതിക്കുകയും ചെയ്തിട്ടുണ്ടു്. ഈ വാടക കൊടുക്കുന്നതിനു് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

മെഡിക്കൽ രജിസ്ട്രേഷൻ.

333. [23] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു മുൻപു് തിരുവിതാംകൂർ വിഭാഗത്തെ ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി മുതലായ ചികിത്സ നടത്തിയിരുന്ന പരീക്ഷായോഗ്യതയില്ലാത്തവർക്കു് പ്രത്യേക ഫീസ് ചുമത്തി ലൈസൻസ് ഏർപ്പെടുത്തിയിരുന്നോ;

(ബി) ആ പദ്ധതിയനുസരിച്ചു് പ്രത്യേകഫീസു് അടച്ചു് ലൈസൻസെടുക്കുവാൻ സാധിച്ചിട്ടില്ലാത്തവർക്കു് വീണ്ടും ഒരവസരം നൽകിയിട്ടുണ്ടോ;

(സി) കൊച്ചിയിൽ ഇമ്മാതിരി ലൈസൻസു് ഏർപ്പെടുത്തിയിരുന്നോ;

(ഡി) ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ അവിടെയും ലൈസൻസു് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തിരുവിതാംകൂർ വിഭാഗത്തു് രജിസ്റ്റർ ചെയ്യുവാൻ ലൈസൻസു് എടുക്കുവാൻ സാധിച്ചിട്ടില്ലാത്തവർക്കുകൂടി ലൈസൻസു് എടുക്കുവാൻ ഇനിയും അവസരം നൽകുമോ?

ഉത്തരം.

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുമുൻപു് തിരുവിതാംകൂറിൽ ഉൗജ്ജിതത്തിലിരുന്ന "Medical Practitioners Act" അനുസരിച്ചു് തിരുവിതാംകൂർ വിഭാഗത്തിലെ ആയുർവ്വേദം, അലോപ്പതി, ഹോമിയോപ്പതി മുതലായ ചികിത്സാസമ്പ്രദായങ്ങളനുസരിച്ചു് ചികിത്സ നടത്തിയിരുന്ന പരീക്ഷായോഗ്യത ഇല്ലാത്തവർക്കു ഫീസു് ചുമത്തി രജിസ്ട്രേഷൻ നൽകിയിരുന്നു.

(ബി) ഉണ്ടു്. ഇപ്പോൾ ഉൗജ്ജിതത്തിലിരിക്കുന്ന തിരുവിതാംകൂർ-കൊച്ചി "Medical Practitioners Act" അനുസരിച്ചു്.

(സി) ഇല്ല.

(ഡി) തിരുവിതാംകൂർ-കൊച്ചി "Medical Practitioners Act" അനുസരിച്ചു് അവിടെയുള്ള Medical Practitioners-നും രജിസ്റ്റർ ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

(ഇ) തിരുവിതാംകൂർ-കൊച്ചി "Medical Practitioners Act" അനുസരിച്ചു് രജിസ്റ്റർ ചെയ്യുന്നതിനു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly